LIBRARY ARCHIVES Kerala Legislative Assembly

റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ

258(3144) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും പുരോഗതി വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നിർത്തിവെച്ചിട്ടുള്ളത്; ആയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രവൃത്തി പുനരാരംഭിയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഓരോന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങളുടെയും അവയുടെ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. റാന്നി താലൂക്ക് ആശുപത്രിയിൽ സിവിൽ വർക്ക് പൂർത്തിയായി. ലിഫ്റ്റിന്റെ പണി പൂർത്തിയായിട്ടില്ല. കരാറുകാരന്റെ വിസമ്മതംമൂലം നിർത്തിവച്ചിരുന്ന പണി ഇപ്പോൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. റാന്നി താലൂക്ക് ആശുപത്രി മോർച്ചറി നിർമ്മാണം, ജനറേറ്റർ റൂമിലേക്കുള്ളവഴി ലഭിക്കാത്തതുമൂലം പണി നിർത്തി വച്ചിരിക്കുകയാണ്.

തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണം

259(3145) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) 2.5 കോടി രൂപ അനുവദിച്ചിട്ടും ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം പദ്ധതികൾ സമയ ബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ പ്രാധാന്യം പരിഗണിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർവ്വേ ഡിപ്പാർട്ട്മെന്റ് സ്ഥലം അളന്നപ്പോൾ ഒരു വ്യക്തിയുടെ (ശ്രീ. പി.ഡി. ആന്റണി) സർവ്വേ നമ്പർ മാറിപ്പോകുകയും, അദ്ദേഹത്തിന് നഷ്ട പരിഹാരം കിട്ടാത്തതിനാൽ കേസ് കൊടുക്കുകയും ചെയ്തതിനാലാണ് കോതമംഗലം-തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിൽ കാലതാമസം നേരിട്ടത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) വിവിധ വകപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള ശ്രമങ്ങൾ പൊതുമരാമത്ത് വകപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കുന്നതാണ്.

നാഷണൽ ഹൈവേ വീതി കൂട്ടൽ

260(3146) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് 66 (പഴയത് എൻ.എച്ച് 17), പരിയാരം ആയുർവ്വേദ കോളേജ് മുതൽ പരിയാരം മെഡിക്കൽ കോളേജ് വരെയുള്ള ഭാഗം വീതി കൂട്ടി നിർമ്മാണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത 66 (പഴയ ദേശീയപാത 17-ൽ) കി.മീ. 104/000 മുതൽ 126/000 വരെ ക്യാരേജ്വേ വീതി കൂട്ടുന്നതിനും വളവ് നിവർത്തുന്നതിനും, ഷോൾഡർ ഉറപ്പുള്ളതാക്കുന്നതിനും ഡ്രെയ്നേജ്, റോഡ് സുരക്ഷ എന്നിവ ഉൾപ്പെടുത്തി 678 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ, മേൽ പരാമർശിച്ച ദേശീയപാതയുടെ ഭാഗം കൂടി വീതി കൂട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly